എ3- 2023/18336 30/10/2023

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്ഥിരം അദാലത്ത് സംബന്ധിച്ച്

ഇന്റേണൽ വിജിലൻസ് ഓഫീസർ - തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് – എന്നവരുടെ 26/10/2023 തിയ്യതിയിലെ IVO1/01/23 നമ്പര് കത്ത്

രായരുകണ്ടി അബ്ദുല് ലത്തീഫ് എന്നിവരുടെ 7117/2023 നമ്പർ അപേക്ഷ സംബന്ധിച്ച് (കത്തിൽ 7117/2022 എന്നാണ് കാണിച്ചത്)

റിപ്പോർട്ട്

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപൻസി ലഭിക്കുന്നതിന് രായരുകണ്ടി അബ്ദുല്ലത്തീഫ് എന്നവർ 6/4/2023 അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കെട്ടിട നിർമ്മാണ അനുമതിയുടെ (98/2015-16) കാലാവധി കാലഹരണപ്പെട്ടതിനാൽ കെട്ടിട നിർമ്മാണ അനുമതി പുതുക്കുന്നതിന് അപേക്ഷ നൽകണമെന്ന് ടിയാന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28/4/2023 കെട്ടിട നിർമ്മാണ അനുമതി പുതുക്കുന്നതിന് ടിയാൻ അപേക്ഷ സമർപ്പിക്കുകയും 24/6/2023 ഓവർസിയർ റിപ്പോർട്ട് നൽകുകയും കെട്ടിട നിർമ്മാണ അനുമതി പുതുക്കുന്നതിന്റെ ഫീ അടവാക്കാൻ 1/7/2023 അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇതുവരെ കെട്ടിട നിർമ്മാണ അനുമതി പുതുക്കുന്നതിനുള്ള ഫീ അടവാക്കിയിട്ടില്ല. ആയതിനാലാണ് ഒക്യുപെൻസി നൽകുന്നതിനുള്ള അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാതിരിക്കുന്നത്. ഫീ അടവാക്കുന്നതിന് ടിയാന് വീണ്ടും നിർദ്ദേശം നൽകുകയും എന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഈ വിവരം അങ്ങയുടെ മുമ്പാകെ സമർപ്പിക്കുന്നു.

കെട്ടിട നിർമ്മാണ അനുമതി പുതുക്കി നൽകുന്നതിന് ഫയലിന്റെ നോട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു

GRAMA PANCHAYAT OFFICE * OMASSERY

SECRETARY
OMASSERY GRAMAPANCHAYATH